പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1912

6.2.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ സർവ്വീസ് പ്രാതിനിധ്യം

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ സർവ്വീസ് പ്രാതിനിധ്യം ഉറപ്പ് വരുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അംഗപരിമിതർക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33,66,99 ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. The Rights of Persons with Disabilities Act 2016 പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ടി കമ്മിറ്റി തസ്തികകൾ കണ്ടെത്തുകയും ചെയ്തു വരുന്നു. മേൽ ആക്ടിൽ വിവക്ഷിക്കുന്ന പ്രകാരമുള്ള നാലാമത്തെ വിഭാഗത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ശുപാർശ ചെയ്യുന്നതിനായി എക്സ്പർട്ട് കമ്മിറ്റി നിർദ്ദേശ പ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 2016 ലെ Act ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 4% സംവരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) അവരുടെ ബാക്ക് ലോഗ് നികത്തുവാൻ പ്രത്യേക റിക്രൂട്ട്മെന്റ് പരിഗണനയിലുണ്ടോ; | (ബി) ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട 1996 മുതൽ 2008 വരെയുള്ള ബാക്ക് ലോഗ് വേക്കൻസി പരിശോധിക്കുന്നതിനായി എക്സ്പർട്ട് ടീമിനെ ചുമതലപ്പെടുത്തുകയും ടീം പരിശോധന നടത്തി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (സി) 2004 മുതൽ 2018 വരെ വിവിധ കാലയളവുകളിൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്ത ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ